ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ.1807/ബി1-എസ്റ്റാ/2018/എൻ.സി.സി

25 മെയ് 2018

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്/
എൻ.സി.സി യൂണിറ്റുകൾ

സർ,

വിഷയം: സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

ആരോഗ്യ കേരളം ജാഗ്രതാ ക്ലീനിംഗ് ഡ്രൈവും, സർക്കാർ ഓഫീസുകളിൽ ജൂൺ 05 നു മുൻമ്പായി ഗ്രീൻ പ്രോട്ടോകോൾ പ്രഖ്യാപനം നടത്തുന്നതുമായി ബന്ധപ്പെട്ട് 21 മെയ് 2018-ന് ഹരിത കേരളം നോഡൽ ഓഫീസറുടെ അദ്ധ്യക്ഷതയിൽ എൻ.സി.സി ഡയറക്ടറേറ്റിൽ വച്ച് ചേർന്ന യോഗത്തിൽ ആവശ്യമായ നടപടികൾ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ഇതോടൊപ്പം സമർപ്പിക്കുന്ന പ്രവർത്തന റിപ്പോർട്ടും നിർദ്ദേശങ്ങളും കർശനമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ശ്രീകുമാർ പിപി)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

ഉള്ളടക്കം : യോഗതീരുമാനങ്ങൾ

പകർപ്പ് : ഐ.റ്റി സെക്ഷൻ

# ഹരിത കേരളം നോഡൽ ഓഫീസറുടെ അദ്ധ്യക്ഷതയിൽ 21 മെയ് 2018 ന് എൻ.സി.സി ഡയറക്ടറേറ്റിൽ വച്ച് ചേർന്ന യോഗ തീരുമാനം

## I മുന്നൊരുക്കം

1) എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്കളിലും കീഴിലുമുള്ള യൂണിറ്റുകളിലും ഒരു കമ്മിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുക. ഈ കമ്മിറ്റിയിൽ തിരഞ്ഞെടുത്ത നോഡൽ ഓഫീസറുടെ അദ്ധ്യക്ഷതയിൽ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

2) ആരോഗ്യ ജാഗ്രതയുമായി ബന്ധപ്പെട്ട് പൊതു ശുചീകരണയജ്ഞം 2018 ജൂൺ 3-നു നടത്തുവാൻ തീരുമാനിച്ചു. ഇതിനായി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾ തങ്ങളുടെ കീഴിലുള്ള എല്ലാ യൂണിറ്റുകളെയും ചുമതലപ്പെടുത്തേണ്ടതാണ്.

3) സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന്റെ ഭാഗമായി 2018 ജൂൺ 2-ന് ശുചീകരണ പ്രവർത്തനങ്ങൾ ജീവനകാരുടെ പങ്കാളിത്തത്തോടെ ഹെഡ്ക്വാർട്ടേഴ്സുകളിലും/യൂണിറ്റുകളിലും നടത്തി ജൂൺ 5-നകം റിപ്പോർട്ട് ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

4) ശുചിത്വ മിഷന്റെ ഭാഗമായി മാസ് ക്ലീനിംഗ് ഡ്രൈവ് ഓഫീസ്, സ്കൂൾ, കോളേജ് മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബോധവൽക്കരണ പ്രചരണ നടപടികളും ശുചീകരണവും ജൂൺ മാസം നടത്തി റിപ്പോർട്ട് നോഡൽ ഓഫീസർ ഒപ്പിട്ട് ജൂൺ 25 ന് മുൻപ് സമർപ്പിക്കേണ്ടതാണ്.

## II മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ :-

1. എല്ലാ ജീവനക്കാരോടും വിദ്യാർത്ഥികളോടും കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങളിൽ (സ്റ്റീൽ സെറാമിക്സ് തുടങ്ങിയവ) ആഹാരം, കുടി വെള്ളം എന്നിവ കൊണ്ടുവരുവാൻ നിർദ്ദേശം നൽകി നടപ്പിലാക്കുക.

2. ഓഫീസിൽ പ്ലാസ്റ്റിക് ക്യാരിബാഗ് നിരോധിക്കുക.

3. ഒരു തവണ ഉപയോഗിച്ച് വലിച്ചെറിയാവുന്ന വസ്തുക്കൾ (പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോക്കോളിലും നിർമ്മിതമായ ഡിസ്പോസിബിൾ വസ്തുക്കൾ) ഒഴിവാക്കി സ്റ്റീൽ, പോർസലൈൻ കുപ്പികളും, പ്ലെയിറ്റുകളും വാങ്ങുക (ഇതിനായി ഓഫീസ് ചെലവ് ഫണ്ട് ഉപയോഗിക്കുക).

...2...

4. എല്ലാ പൊതുപരിപാടികളിലും പ്രചരണങ്ങളിലും തുണി കൊണ്ടുള്ള ബാനറുകൾ/ബോർഡുകൾ എന്നിവ ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

## III മാലിന്യം സംസ്കരിക്കൽ/പരിപാടികൾ

1. അഴുകുന്നതും അഴുകാത്തതുമായ മാലിന്യം ശേഖരിച്ച് പ്രത്യേകം ഡിന്നുകളിൽ നിക്ഷേപിക്കുക.
2. ജൈവ മാലിന്യ പ്ലാന്റുകൾ സ്ഥാപിച്ച് ജൈവ സംസ്കരണം നടത്തുക.
3. ജൈവ മാലിന്യങ്ങളുടെ തോതനുസരിച്ച് കംബോസ്റ്റിങ്ങ് ഉപാധികൾ സ്ഥാപിക്കുക.
4. അഴുകാത്ത മാലിന്യങ്ങൾ ശേഖരിച്ച് വയ്ക്കാൻ പ്രത്യേകം സ്ഥലം കണ്ടെത്തുക.
5. നിശ്ചിത ഇടവേളകളിൽ അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കാനായി തദ്ദേശ സ്ഥാപനങ്ങളുമായോ/പാഴ് വസ്തു വ്യാപാരികളുമായോ, ക്ലീൻ കേരള കമ്പനിയുമായോ ധാരണയിൽ എത്തുക.
6. ടോയ്ലറ്റുകളിൽ ആവശ്യത്തിന് വെള്ളവും വെളിച്ചവും ക്ലീനിംഗ് വസ്തുക്കളും ഉപയോഗിച്ച് വൃത്തി ഉറപ്പ് വരുത്തുക.
7. ക്ലീനിംഗ് ജീവനക്കാർക്ക് പരിശീലനം നൽകി ക്ലീനിംഗ് കാര്യങ്ങൾ ഉറപ്പ് വരുത്തുക

## IV മോണിറ്ററിംഗ് (നിരീക്ഷിക്കൽ)

1. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കൽ വിലയിരുത്തുന്നതിനായി മാസത്തിൽ രണ്ട് തവണ സ്ഥാപനത്തിൽ രൂപീകരിച്ച കമ്മിറ്റി കൂടി ഉറപ്പ് വരുത്തേണ്ടതാണ്.
2. ഗ്രീൻ പ്രോട്ടോക്കോൾ സ്ഥാപനമായി പ്രഖ്യാപിക്കാൻ വേണ്ടി നോഡൽ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.
3. ഹരിത കേരളത്തിന്റെ ഭാഗമായി ഓഫീസുകളിൽ പച്ചക്കറി തോട്ടം നിർമ്മിയ്ക്കുക.